**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 941** | **31-01-2024 - ൽ മറുപടിയ്ക്ക്**

**വനാതിർത്തിയോട് ചേർന്നുള്ള ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തിയോട് ചേർന്നുള്ള കാർഷികഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. വനാതിർത്തിയിൽ താമസിക്കുന്ന പട്ടിക-വർഗേതര വിഭാഗത്തിൽപ്പെട്ട ഭൂവുടമകളിൽ, വനംവകുപ്പിന് ഭൂമി കൈമാറാൻ സ്വയംസന്നദ്ധരായവരിൽ നിന്നും നവകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി മാനദണ്ഡങ്ങൾ പാലിച്ച വനം വകുപ്പിലേക്ക് ഏറ്റെടുക്കുന്നതിലേക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കർഷകരുടെ അപേക്ഷകളാണ് ലഭിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ; | (ബി) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ മേൽപദ്ധതിയുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരം ആണ്.<br>1 പനത്തടി പഞ്ചായത്ത് - 226 അപേക്ഷകൾ<br>2 ബളാൽ പഞ്ചായത്ത് - 169 അപേക്ഷകൾ<br>3 കിനാനൂർ-കരിന്തളം പഞ്ചായത്ത് - 17 അപേക്ഷകൾ<br>4 കോടോം-ബേളൂർ പഞ്ചായത്ത് - 6 അപേക്ഷകൾ<br>5 പുല്ലൂർ-പെരിയ പഞ്ചായത്ത് - 1 അപേക്ഷ<br>ആകെ - 419 അപേക്ഷകൾ |
| (സി) | പ്രസ്തുത അപേക്ഷകളിൽ ആരുടെയൊക്കെ അപേക്ഷകളിന്മേൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നഷ്ടപരിഹാരം നൽകിയതെന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ; | (സി) | പ്രസ്തുത അപേക്ഷകളിൽ പനത്തടി പഞ്ചായത്തിൽ, ഓട്ടമല സെറ്റിൽമെന്റിൽ ആറ് അപേക്ഷകൾ നടപടി ക്രമങ്ങൾ പാലിച്ച 2022-ൽ മുഴുവൻ തുകയും നൽകി ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 08-06-2023-ന രീജിയണൽ കമ്മറ്റി ചേർന്ന് ഓട്ടമല സെറ്റിൽമെന്റിലെ 12 അപേക്ഷകൾ, മൈക്കയം സെറ്റിൽമെന്റിലെ 2 അപേക്ഷകൾ എന്നിവ അംഗീകരിച്ച ആദ്യഗഡു ലഭിക്കുന്നതിനായി പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റിൽ ലഭിച്ചിട്ടുണ്ട്. 16-09-2023 ന ചേർന്ന രീജിയണൽ കമ്മറ്റി മീറ്റിംഗിൽ 24 അപേക്ഷകൾ (ഓട്ടമല-4, മൈക്കയം-3, മഞ്ചുച്ചാൽ-16, ബന്ധമല-1) അംഗീകരിക്കുകയും ആദ്യഗഡു ലഭിക്കുന്നതിനായി പ്രൊജക്റ്റ് മാനേജ്മന്റ് യൂണിറ്റിൽ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2023-2024 സാമ്പത്തിക വർഷം അനുവദിച്ച തുക പൂർണമായി ഉപയോഗിച്ചതിനുശേഷം അടുത്ത ഗഡുവായ 27.13 കോടി രൂപ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധനയിലാണ്. |
| (ഡി) | ഇനി എത്ര അപേക്ഷകളാണ് നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ ബാക്കിയുള്ളതെന്നും കാലതാമസത്തിനുള്ള കാരണവും വിശദമാക്കാമോ? | (ഡി) | ബളാൽ പഞ്ചായത്തിൽ ബന്ധമല, കോട്ടഞ്ചേരി, മൈക്കയം സെറ്റില്മെന്റുകളിലും പനത്തടി പഞ്ചായത്തിൽ ഓട്ടമല 2 , പരിയാരം സെറ്റിൽമെന്റിലും ഇതിനോടകം പ്രാഥമിക പരിശോധനകൾ പൂർത്തീകരിച്ചിട്ടുണ്ട്. മേൽപദ്ധതിയിൽ കാഞ്ഞങ്ങാട് റേഞ്ചിൽ ലഭിച്ച അപേക്ഷകളിൽ പരിശോധന വിവിധ ഘട്ടങ്ങളിലാണുള്ളത്. മേൽപദ്ധതിയിൽ ഭൂമി ഏറ്റെടുക്കുന്നതിന് മുൻപായി സ്വീകരിക്കേണ്ട മാർഗനിർദ്ദേശ പ്രകാരം സെറ്റിൽമെന്റ് കണ്ടെത്തൽ, ട്രീറ്റ്മെന്റ് ഏരിയ മാപ്പ് തയ്യാറാക്കൽ, റേഞ്ച്, ഡിവിഷൻ, റീജിയണൽ കമ്മറ്റി എന്നീ തലത്തിൽ യോഗം ചേരൽ, സർവ്വേ ചെയ്യൽ തുടങ്ങിയ നടപടി ക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ലഭ്യമായ അപേക്ഷകളിൽ നടപടി ക്രമങ്ങൾ പൂർത്തീകരിക്കാൻ ഫീൽഡ് തലത്തിൽ പരിശോധന പൂർത്തീകരിക്കുന്നതിനും മാർഗ്ഗരേഖപ്രകാരം നിർദ്ദേശിക്കുന്ന അവശ്യരേഖകൾ സ്വരൂപിക്കുന്നതിനുള്ള ആവശ്യമായ സമയം എന്നിവ കാലതാമസത്തിനു കാരണമാകുന്നുണ്ട് . |

സെക്ഷൻ ഓഫീസർ